13-02-2022

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/02/2022

1. കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സഹകരണസംഘങ്ങൾ മുഖേന കൃഷിവകുപ്പ് കൊപ്ര സംഭരിക്കുന്നു. കൊപ്രയുടെ താങ്ങുവിലയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ 105 രൂപ 90 പൈസ ആയിരിക്കും കർഷകർക്ക് ലഭ്യമാകുന്നത്. ഇതിനായി കർഷകർ നാഫെഡ് ഇ- സമൃദ്ധി പോർട്ടലിൽ സംഭരിക്കുന്ന സൊസൈറ്റികൾ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. പച്ച തേങ്ങ കൊപ്രയാക്കാൻ ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ലാത്ത കർഷകരിൽനിന്നും പ്രാദേശിക സഹകരണ സംഘങ്ങൾ തൊണ്ട് കളഞ്ഞ പച്ചത്തേങ്ങ സംഭരിച്ചു കൊപ്രയാക്കി സംഭരണ ഏജൻസികൾക്ക് കൈമാറുന്നതായിരിക്കും. കർഷകർ ബന്ധപ്പെട്ട കൃഷി ഓഫീസിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റ് കൂടി സംഭരണ കേന്ദ്രത്തിൽ ഹാജരാക്കേണ്ടതാണ്.

2. കാർഷിക സർവകലാശാലയുടെ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ താൽകാലിക അടിസ്ഥാനത്തിൽ പ്രൊജക്ട് ഫെല്ലോയേയും പ്രൊജക്ട് അസിസ്റ്റന്റിനേയും നിയമിക്കുന്നു. പ്രൊജക്ട് ഫെല്ലോയ്ക്ക് എം. എസ്. സി സുവോളജിയും പ്രൊജക്ട് അസ്സിസ്റ്റന്റിന് അഗ്രിക്കൾച്ചറൽ ഡിപ്ലോമയുമാണ് അടിസ്ഥാന യോഗ്യത. അപേക്ഷ സമർപ്പിക്കേണ്ട വിലാസം **അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മേലെ പട്ടാമ്പി, പാലക്കാട്- 679306.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 16 (16.02.2022) ആണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

4. എറണാകുളം ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന **കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല എമർജൻസി സർവ്വീസ്** പ്രകാരം സേവനം ലഭിയ്ക്കുന്നതിന് ബന്ധപ്പെടേണ്ട വെറ്ററിനറി ഡോക്ടർമാരുടെ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പേര് | ബ്ലോക്ക് | ഫോൺ |
|---|---|---|---|
| 1 | ഡോ. അൽ.യസഹ് ഉസ്മാൻ | മൂവാറ്റുപുഴ | 9048013439 |
| 2 | ഡോ. നിഖിൽ ജോളി | അങ്കമാലി | 9048719990 |
| 3 | ഡോ. ശ്രീദേവ് രാജേന്ദ്രൻ | വൈപ്പിൻ | 7025750604 |
| 4 | ഡോ. ഹരിപ്രിയ മോഹൻ | കൊച്ചി | 7356152534 |
| 5 | ഡോ. ചന്ദ്രകാന്ത്. യു | ആലങ്ങാട് | 7014484813 |
| 6 | ഡോ. സെബാസ്റ്റ്യൻ | വാഴക്കുളം | 7907652114 |
| 7 | ഡോ. അജ്ഞലക്ഷ്മി.ഡി.നാഥ് | കൂവപ്പടി | 9497341958 |
| 8 | ഡോ. ശ്രീജിത്ത് ഉത്തമൻ | പറവൂർ | 9496800705 |
| 9 | ഡോ. അഖിൽ എ.റ്റി | എടപ്പിള്ളി | 7736621407 |
| 10 | ഡോ. ഷറഫുദ്ദീൻ കെ.എ | കോതമംഗലം | 9496130451 |
| 11 | ഡോ. മുഫീദബീഗം എം.സി | മുളന്തുരുത്തി | 9497387195 |
| 12 | ഡോ. അദീന സേവ്യർ | പാറക്കടവ് | 9400741214 |
| 13 | ഡോ. ആഷിഖ് ഹമീദ് എം.എച്ച് | വടവ്കോട് | 8281664253 |

5. തെക്കൻ കേരളത്തിലെ നല്ലയിനം നാടൻ മാവുകളെക്കുറിച്ചുള്ള വിവരം, അവ നിൽക്കുന്ന പ്രദേശം/മേൽവിലാസം/ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ **9496366698, 9946867991** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് വെള്ളായണി കാർഷിക കോളേജ് ഫ്രൂട്ട്സ് സയൻസ് വിഭാഗം മേധാവി അറിയിക്കുന്നു.

6. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 14 മുതൽ 18 വരെ (ഫെബ്രുവരി 14 മുതൽ 18) പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കാർഷിക യന്ത്രങ്ങളുടെ ഉപയോഗവും അറ്റകുറ്റ പണികളും"** എന്ന വിഷയത്തിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 8 വരെ പതിനഞ്ച് ഗുണഭോക്താക്കൾക്ക് ഒരു പ്രവൃത്തി പരിചയ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 18 നും 50 നും ഇടയ്ക്ക് പ്രായമുള്ള, താൽപര്യമുള്ള പരിശീലനാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ 10 മണി മുതൽ 5 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം എന്ന വിഷയവും റബ്ബർകോമ്പൗണ്ടിങ്, പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ എന്ന വിഷയവും; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ** എന്ന വിഷയവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം നാളെ മുതൽ 18 (ഫെബ്രുവരി 14 മുതൽ 18) വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **18-ന് താറാവ് വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.